
# Academic Master Plan

## GLPS VALAKOM



2025-26

# ആമുഖം

തിരുവിതാംകൂർ രാജപരമ്പരയിൽ ഉൾപ്പെട്ട വാളകത്തെ മുടവൻമുകൾ കൊട്ടാരം പ്രദേശത്തെ ജനങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യം വച്ചുകൊണ്ട് സംഭാവന ചെയ്ത 50 സെന്റ് വസ്തുവിൽ സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് 1918-ൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. വാളകം എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം നിരവധി തലമുറകൾക്ക് അക്ഷരവെളിച്ചം പകർന്നുനൽകി കൊണ്ടിരിക്കുകയാണ്.

മുൻ മന്ത്രി. ശ്രീ. ആർ. ബാലകൃഷ്ണപിള്ള തുടങ്ങി സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഒട്ടേറെ പ്രമുഖർ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. 108 വർഷം പൂർത്തിയാക്കുന്ന ഈ വിദ്യാലയത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സ്കൂൾ വികസന സമിതിയും. പി.ടി.എ കമ്മിറ്റിയും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു.

പ്രീ- പ്രൈമറി ഉൾപ്പെടെ ഒന്നു മുതൽ 4 വരെ ക്ലാസ്സുകൾ പ്രവർത്തിച്ചു വരുന്നു.

ഓരോ വർഷവും കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ നാല് അധ്യാപകരും ഒരു പ്രീപ്രൈമറി ടീച്ചറും ആയയും ഒരു PTCM ഉം ജോലി നോക്കി വരുന്നു. ഹലോ വേൾഡ്, ഗണിതവിജയം ഉല്ലാസഗണിതം വായനാ ചങ്ങാത്തം തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സ്കൂളിൽ ചെയ്തിട്ടുണ്ട്.

ശാസ്ത്ര പരീക്ഷണങ്ങൾ, വിദ്യാരംഗം കലാസാഹിത്യവേദി ബാലസഭ പ്രവർത്തി പരിചയ ക്ലബ്ബുകൾ. തുടങ്ങിയവയുടെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുകയും അവരുടെ കഴിവുകൾ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്രഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ക്ലാസ് ഒന്ന്

സ്കൂൾ: ഗവ. എൽ.പി.എസ്സ്, വാളകം
വെളിയം ഉപജില്ല

ക്ലാസ് അധ്യാപിക: ആതിരകൃഷ്ണൻ. എ.പി

# ആമുഖം

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം-പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പിടി.എയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

# അവസ്ഥാ വിശകലനം.

## കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസ്സിൽ 3 കുട്ടികളാണ് പ്രവേശനം നടത്തിയത്. അതിൽ 3 പേർക്കും പ്രീപ്രൈമറി അനുഭവമുള്ളവരാണ്.

## വാർഷിക ലക്ഷ്യങ്ങൾ [മലയാളം]

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക. ഓരോ കുട്ടിയും ലഘു ബാലസാഹിത്യ കൃതികൾ ആസ്വാദ്യതയോടെ വായിക്കാനുള്ള കഴിവ് നേടുക.
2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ ആശയ വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക.
3. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക.
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക

5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും<br>പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br><br>2) <u>അമ്മ പറയട്ടെ</u><br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കൽ. | സെപ്റ്റംബർ<br>ഒക്ടോബർ<br><br>ജൂലൈ<br>ഡിസംബർ<br>ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി. |
| | 3) പ്രവർത്തന പങ്കാളിത്ത ക്ലാസ് പി.ടി.എ.<br>4) വായനോത്സവും കഥാവേളയും.<br><br>3) കൂട്ടൊരുക്കാം (സന്നദ്ധത പ്രവർത്തനങ്ങൾ)<br>4) വായനാക്കാഴ്ചകൾ<br>5) സംയുക്ത വിലയിരുത്തൽ | ജൂലൈ, സെപ്റ്റംബർ, ജനുവരി.<br><br>ജൂൺ<br>ജൂലൈ - ഡിസംബർ<br>ജനുവരി. | ക്ലാസ് ടീച്ചർ<br>SRG.<br>മദർ. പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം സിനിമ പ്രദർശനം.<br>Reading cards വായന.<br>Let's talk. ടീച്ചറുമായി സംവദിക്കുന്നു. | മാസത്തിൽ ഒന്ന്.<br>ആഴ്ചയിൽ ഒന്ന്.<br>എല്ലാ ദിവസവും | SRG<br>Class teacher |
| ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നു ഉള്ള കഴിവ് | Growing sentence<br>Action songs<br>Stories.<br>ICT | ആഴ്ചയിൽ ഒന്ന് | |

മേഖല - അക്കാദമികം.

ഉപമേഖല - പരിസരപഠനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ഡിസംബർ ജനുവരി | ക്ലാസ് ടീച്ചർ, SMC SRG. |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും. | പുഷ്പോദ്യാനം, പ്രകൃതി നടത്തം, ഔഷധത്തോട്ടം. അടുക്കളത്തോട്ടം. | ജൂൺ ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SMC, |
| ശുചിത്വബോധമുള്ള വ്യക്തിയും സമൂഹവും സൃഷ്ടിക്കുന്നത് | ശുചിത്വക്ലാസുകൾ പോസ്റ്റർ രചന . അവതരണം. | | |

മേഖല - അക്കാദമികം.

ഉപമേഖല - ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ<br>കളികളും നിർമ്മാണപ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ഗണിത മാഗസിൻ<br>ജ്യാമിതീയരൂപങ്ങളുടെ നിർമ്മാണം<br>ഏകദിനക്യാമ്പ്<br>ഗണിതപ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സെപ്റ്റംബർ<br>മാസത്തിൽ ഒന്ന് | SRG<br>ക്ലാസ്ടീച്ചർ |

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്ര ഗുണമേന്മാ പദ്ധതി

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

ക്ലാസ്സ് : II

സ്കൂൾ: ഗവ. എൽ. പി. എസ്സ്, വാളകം
വെളിയം ഉപജില്ല

ക്ലാസ് അധ്യാപിക: ലാലി ജോൺ

## ആമുഖം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിലെത്തിക്കാൻ കുട്ടികളിൽ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നിമേഖല-യിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്തല മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷിവികാസ-ങ്ങൾ നൽകി കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷ-പ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ലവിദ്യാ-ഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാതല ങ്ങളിലും മികവുറ്റവരായി തീരണം. അതാണ് ലക്ഷ്യം.

## അവസ്ഥാ വിശകലനം.

- കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

ഈ അക്കാദമിക വർഷം രണ്ടാം ക്ലാസിൽ 5 കുട്ടികളാണ് പ്രവേശനം നടത്തിയത്. അതിൽ 3 കുട്ടികൾ പെൺകുട്ടികളും 2 കുട്ടികൾ ആൺ കുട്ടികളുമാണ്.

# പ്രവർത്തന ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുന്നതിന്.
2. രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക
3. ക്ലാസ്സിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
4. ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
5. വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | | | SRG<br>SMC<br>ക്ലാസ് ടീച്ചർ |
| ഉചിതമായ വ്യവഹാരരൂപങ്ങളിലൂടെ ലേഖന മികവ് | 1. എഴുത്തും വരയും ലഘു രചനയിലേക്ക് നയിക്കുന്ന രചനാക്യാമ്പുകൾ. | ജൂൺ, ജൂലൈ | |
| സർഗാത്മകതയെ തട്ടിയുണർത്താൻ | 2. കഥാ കവിത രചനകൾക്കുള്ള വേദി ഒരുക്കൽ | ഒക്ടോബർ- ജനുവരി | |
| | 3. ലഘു പതിപ്പുകൾ തയ്യാറാക്കൽ | നവംബർ- മാർച്ച് | |
| വായനയെ പ്രോത്സാഹിപ്പിക്കാൻ | വായനാസാമഗ്രികൾ നിർമിക്കൽ, സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി. | ജൂൺ - മാർച്ച് | |

മേഖല - അക്കാദമികം.

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ആത്മവിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള അവസരം ഒരുക്കൽ | Let's talk (ക്ലാസിൽ സംസാരിക്കാനുള്ള അവസരം] | എല്ലാദിവസവും | SRG<br>Class Teacher<br>SMC. |
| | Englishബാലസഭ | മാസത്തിൽ ഒന്ന്. | |
| | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒന്ന്. | |
| | Action songs | | |
| English എഴുതാനുള്ള കഴിവ് | Make word web,<br>Picture description<br>Notice<br>Proocolomation<br>Picture discription | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്സ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ ക്ലാസുകൾ പോസ്റ്റർരചനാ മത്സരം. അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ SRG SMC |
| പ്രകൃതിയെ അറിയാൻ | പ്രകൃതി നടത്തം കാണാക്കാഴ്ചകൾ അടുക്കളത്തോട്ടം, ഔഷധത്തോട്ടം | സെപ്റ്റംബർ - ഡിസംബർ | ടീച്ചേഴ്സ് SRG SMC |
| നാടറിയാൻ - നാട്ടറിവുകൾ | കൃഷിയിടത്തിലേക്ക്, നെൽവയൽ സന്ദർശനം. | ജനുവരി. | SRG SMC |

ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | കുസൃതികണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് | SRG ഇൻസ്ട്രക്ടർ |
| | *ഗണിതകേളി | മാസത്തിൽ ഒന്ന് വീതം | |
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ- | |
| | ഗണിതമാഗസിൻ | മാർച്ച്. | |

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്രഗുണമേന്മാ പദ്ധതി.

അക്കാദമിക മാസ്റ്റർ പ്ലാൻ
2025 - 2026
ക്ലാസ് - മൂന്ന്.

സ്കൂൾ : ഗവ. എൽ. പി. എസ് വാളകം
വെളിയം ഉപജില്ല.

ക്ലാസ് അധ്യാപിക :- മഞ്ജു. എസ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 3 മലയാളം

**ലക്ഷ്യം**

വായന : മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ.

| പ്രവർത്തനം | കാലം |
| --- | --- |
| * പ്രീ ടെസ്റ്റ് | ജൂൺ |
| * ക്ലാസ് ലൈബ്രറി വികസനം | അധ്യയനവർഷം മുഴുവൻ |
| * ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ |
| * അമ്മവായന<br>അമ്മമാരുടെ വായനക്കുറിപ്പുകൾ സി.പി.ടി.യിൽ അവതരിപ്പിക്കുന്നു. | അധ്യയനം മുഴുവൻ |
| * വായന കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ |

**ചുമതല**

അധ്യാപകൻ , സി.പി.ടി.എ,

**സാമ്പത്തിക വിശകലനം**

പി.ടി.എ, അധ്യാപകൻ, സി.പി.ടി.എ

## ലക്ഷ്യം

വിവിധ വ്യവഹാരരൂപങ്ങൾ ആസ്വദിക്കാനും എഴുതാനും
ഉള്ള ശേഷി വികസിപ്പിക്കുക.

അക്ഷരം തെറ്റു കൂടാതെ. എഴുതുവാനുള്ള ശേഷി
കൈവരിക്കൽ വിവിധ ഭാഷാ വ്യവഹാരങ്ങൾ
രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ
വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള
ശേഷി കൈവരിക്കൽ

## പ്രവർത്തനം

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ
വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്തുക
ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ
വായനദിനം ജൂൺ 19
ഹിരോഷിമ, നാഗസാക്കി - പോസ്റ്റർ

**കാലം**
ജൂൺ, ആഗസ്റ്റ്

ചുമതല : അധ്യാപകൻ
സാമ്പത്തിക വിശകലനം : സി.പി.ടി.എ

| പ്രവർത്തനം | കാലം |
|---|---|
| പോസ്റ്റർ | |
| ആഗസ്റ്റ് - 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് |
| സെപ്റ്റംബർ 5 അധ്യാപകദിനം<br>പഴയകാല അധ്യാപകരുമായി<br>അഭിമുഖം. | സെപ്റ്റംബർ |
| ഒക്ടോബർ 2 ഗാന്ധിജയന്തി<br>കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ |
| ഒക്ടോബർ 10 ദേശീയതപാൽദിനം<br>കൂട്ടുകാരനൊരു കത്ത് . | ഒക്ടോബർ |
| നവംബർ 1 കേരളപ്പിറവി<br>പ്രസംഗം<br>നവംബർ 14 ശിശുദിനം | നവംബർ |

ലക്ഷ്യം
സർഗാത്മക പ്രകാശനം.

പ്രവർത്തനം

കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാരരൂപങ്ങൾ
അവതരിപ്പിക്കൽ

വേദി : സി.പി.ടി.എ

കാലം : അധ്യയന വർഷം മുഴുവൻ

# ഗണിതം

ലക്ഷ്യം

ചതുരം വൃത്തം, ത്രികോണം എന്നീ ആകൃതികളെ
കുറിച്ചുള്ള ധാരണ നൽകുന്നു

പ്രവർത്തനം

പ്രീടെസ്റ്റ്

ഈർക്കിലുകൾ കമ്പുകൾ വള എന്നിവ
ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം
എന്നിവ നിർമ്മിക്കുന്നു.

കാലം :- ജൂൺ , ജൂലൈ.

ചുമതല : അധ്യാപകർ, CPTA

ലക്ഷ്യം :- 999 വരെയുള്ള സംഖ്യകളെ
വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.

സംഖ്യാ പാറ്റേണുകൾ

: നാണയങ്ങൾ, കറൻസി നോട്ടുകൾ
പാറ്റേണുകൾ, ഗണിതകിറ്റ്.

കാലം : ആഗസ്റ്റ്.

ലക്ഷ്യം

എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക .

പ്രവർത്തനം

വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ .

കാലം സെപ്തംബർ

ലക്ഷ്യം
സങ്കലന വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക .

പ്രവർത്തനം

* മനക്കണക്കുകൾ
* നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

കാലം :- ഒക്ടോബർ - നവംബർ

ലക്ഷ്യം
ഗുണന വസ്തുതകൾ നേടൽ

പ്രവർത്തനം :- മനക്കണക്കുകൾ
മഞ്ചാടി കളി

കാലം : ഡിസംബർ , ജനുവരി .

ലക്ഷ്യം :- ഹരണക്രിയയുമായി ബന്ധപ്പെട്ട
ശേഷികൾ നേടൽ

പ്രവർത്തനം :- നിത്യജീവിതവുമായി ബന്ധപ്പെട്ട
പ്രവർത്തനങ്ങൾ
. ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച്

കാലം : ഫെബ്രുവരി - മാർച്ച്

# പരിസര പഠനം

ലക്ഷ്യം :- നമ്മുടെ ചുറ്റുപാടിനെക്കുറിച്ച് കുട്ടികളി നല്ല ബോധം ഉണ്ടാക്കുക, ജൈവവൈവിധ്യ ഉദ്യാന സംരക്ഷണം

പ്രവർത്തനം :- സസ്യങ്ങളെ തരംതിരിക്കൽ
പ്രകൃതി നടത്തം (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം)

കാലം :- ജൂൺ ജൂലൈ

ചുമതല :- അധ്യാപകൻ.

ലക്ഷ്യം :- പ്രകൃതി സംരക്ഷണം .

പ്രവർത്തനം :- മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.
:- മഴക്കുഴി നിർമ്മാണം.
:- വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമ്മസേനക്ക് കൈമാറൽ

കാലം :- ആഗസ്റ്റ്, സെപ്തംബർ.

ചുമതല :- അധ്യാപകൻ, പി.ടി.എ, ഹരിതകർമ്മ സേന.

ലക്ഷ്യം :-
വ്യക്തിശുചിത്വം

പ്രവർത്തനം :- കൈകഴുകൽ - ശീ പരിശീലനം
പോസ്റ്റർ നിർമ്മാണം
ശുചിത്വ സന്ദേശങ്ങൾ
വിദ്യാലയത്തിലെ വിവിധ ഭാഗങ്ങളിൽ
പതിക്കൽ .

കാലം :- സെപ്തംബർ - ഒക്ടോബർ

ചുമതല :- അധ്യാപകർ , കുട്ടികൾ

ലക്ഷ്യം :- സുരക്ഷിതജീവിതം

പ്രവർത്തനം :- * റോഡ് സുരക്ഷ ക്ലാസുകൾ
* കേരളത്തിലെ ജില്ലകൾ
* ഇന്ത്യയെ കുറിച്ചുള്ള അറിവുകൾ

കാലം : നവംബർ , ഡിസംബർ , ജനുവരി .

ലക്ഷ്യം :- ഭൂമി എല്ലാ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ്

പ്രവർത്തനം :- പ്രകൃതിയിലെ ഓരോ ജീവജാലങ്ങളും
അവയുടെ വാസസ്ഥലങ്ങളിലും
വിവിധതരം വീടുകളുടെ നിർമ്മാണം

കാലം :- ഫെബ്രുവരി , മാർച്ച് .

# English

Aims :- To study alphabets

Activities :- Pretest
write simple words.

Duration :- June - July.

Charge :- Teacher, Student.

Economic source :- PTA.

Aims :- To study write and read simple words.

Activities :- Circle the word from TB and read.

Duration :- August - September.

Charge :- Teacher, Student.

Aims :- Create more opportunities for English speaking in the class room.

Activities :- Class room communication

like may I drink some water?

May I go to bathroom?

Hello

Hello everyone

Goodmorning.

Good morning

Good afternoon everyone

How are you

How are you all

How are you today

Let me take attendance etc.

Duration :- Academic year.

Change :- Teacher, student.

Parents.

ഗുണമേന്മയുള്ള വിദ്യാഭ്യാസം
ഓരോ കുട്ടിയുടെയും അവകാശം

സമഗ്ര ഗുണമേന്മാ പദ്ധതി.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# 2025-26

STD. IV

സ്കൂൾ - ഗവ. എൽ.പി. സ്കൂൾ, പാളക്കം.
ക്ലാസ് അധ്യാപിക. സിജിമോൾ ആർ

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മധുരം മലയാളം | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നത് വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായിക്കാം വളരാം | | | | |
| വായനാശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം<br>ക്ലാസ് ലൈബ്രറി ഒരുക്കൽ<br>പുസ്തക പരിചയം<br>വായനാ കുറിപ്പ്.<br>ആസ്വാദന കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലികവായന | വർഷം മുഴുവൻ | HM<br>SRG<br>CPTA<br>class Teacher. | PTA |
| എഴുതാം തെളിയാം | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ. | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും കണ്ടെത്തിയവയിൽ | വർഷം മുഴുവൻ | SRG<br>class Teacher | PTA |

| | | | |
|---|---|---|---|
| **എഴുത്തുകാരുമായി സംവദിക്കാൻ.** | | | |
| ലേഖനശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ. | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | വർഷം മുഴുവൻ (ആവശ്യാനുസരണം) | Class teacher |
| **കണ്ടറിയാം കേട്ടറിയാം.** | | | |
| അറിവ് ലോകത്തിന്റെനിലൂടെ നേടൽ ICT | പ്രാദേശങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | class teacher |
| **രുചിച്ചറിയാം.** | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള. പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരുക്കുന്നു | വർഷത്തിലൊരിക്കൽ | SRG Class teacher CPTA |
| **കലക്കൂട്ട്.** | | | |
| പ്രാദേശവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | |

| | | | | |
|---|---|---|---|---|
| | കലാവതരണം കലയുമായിബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊരിക്കൽ | | |
| സർഗ്ഗോത്സവം<br>ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ ശേഷികളുടെ പ്രദർശനം (സർഗ്ഗാത്മകത) | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>class teacher. | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | ബജറ്റ് തുക |
|---|---|---|---|---|
| **കളിക്കാം ഗണിതം** | | | | |
| ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ - ക്ല്യൂണിക്കണ്ണാം മടങ്ങിയും പറന്നും കച്ചവടക്കളി. | വർഷം മുഴുവൻ | SRG class teacher | |
| **ഒറിഗാമിയിലൂടെ പഠിക്കാം** | | | | |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കര ചലനത്തിൽ വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം. | വർഷത്തിലെ വിവിധ ഉചിതമായ സമയങ്ങൾ | ക്ലാസ് ടീച്ചർ | |
| **ഗണിത ലാബ്** | | | | |
| ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ. | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM SRG ക്ലാസ് ടീച്ചർ | |

| | | | |
|---|---|---|---|
| ഗണിതച്ചുമർ | | | |
| ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | Class teacher |
| ~~ഗണിതോപ~~ ഗണിത പഠനോപകരണ ശില്പശാല | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം | Class teacher SRG |
| ഗണിതമേള | | | |
| ഗണിതശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉല്പന്നങ്ങളുടെ പ്രദർശനം. | വർഷത്തിലൊന്ന് | SRG class teacher. |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഉത്തരവാദി | സമയം |
| --- | --- | --- | --- | --- |
| പ്രകൃതിനടത്തം | | | | |
| നിരീക്ഷണം അറിവുനിർമ്മാണം. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം. | HM CPTA | |
| ശാസ്ത്രമൂല | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG class teacher | |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ അന്വേഷണത്വര വളർത്തൽ | വാന നിരീക്ഷണകേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ മേഘ് ലേക് അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG class teacher | |
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ ഭൂപട വായന സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികനിർമ്മാണം | വർഷത്തിലൊന്ന് | | |

| | | | |
|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ | | | |
| ശാസ്ത്ര പഠനോപകരണങ്ങൾ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വസ്തുക്കൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം. | SRG class teacher |
| ശാസ്ത്ര സംവാദം | -- | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട് ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം. | ആവശ്യാനുസരണം | SRG class teacher |
| ശാസ്ത്ര മാസിക | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന്. | SRG class teacher |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഭാഷാപഠനം | | |
| ഇംഗ്ലീഷ് നല്ല പ്രാവീണ്യമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലി കൂടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ. | class teacher |
| ഇംഗ്ലീഷ് ഡയറി | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതുക. | ആഴ്ചയിൽ ഒരു ദിവസം (വർഷം മുഴുവൻ) | class teacher |
| ഇംഗ്ലീഷ് തീയേറ്റർ. | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളായി അവതരിപ്പിക്കൽ (Skit, Drama, Conversation Story telling) | മാസത്തിലൊന്ന് | class teacher |

## ഇംഗ്ലീഷ് മാഗസിൻ

| | | | |
|---|---|---|---|
| സർഗാത്മകത രചന ശേഷി വികസനം. | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കുക. | മൂന്നു മാസത്തിലൊരിക്കൽ | class teacher |

## ഇംഗ്ലീഷ് കൈയ്യെഴുത്ത്

| | | | |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലൂടെ രചനാമികവ് | സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് അന്യനാട്ടിലെ ആളുകൾ സുഹൃത്തുക്കളുമായി കത്തിടപാട്. | മാസത്തിലൊന്ന്. | class teacher |

## ഇംഗ്ലീഷ് കോർണർ.

| | | | |
|---|---|---|---|
| വായന പരിപോഷണം. | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ. വായനാവേള ഒരുക്കൽ വായനാക്കുറിപ്പ്. | രണ്ടാഴ്ചയിലൊരിക്കൽ | class teacher |

ഇംഗ്ലീഷ് ക്ലബ്ബ്.

| | | | | |
|---|---|---|---|---|
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ. ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ. | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | അവധി കാലം. | | |

Thank You......